പി.എസ്.സി.യിലെ സാമ്പത്തിക പ്രതിസന്ധി

75 (46) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ. എം. ഉമ്മർ
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പബ്ലിക് സർവ്വീസ് കമ്മീഷൻ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സാമ്പത്തിക പ്രതിസന്ധി പരിഹരിക്കാൻ പി.എസ്.സി. തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ശീർഷകങ്ങളായ 04(1) Tour TA, 28 PPSS, 34 OC എന്നീ ശീർഷകങ്ങളിലും 02 wages, 06 RRT എന്നീ ശീർഷകങ്ങളിലും 2015-16 സാമ്പത്തിക വർഷം - ബഡ്ജറ്റ് വിഹിതത്തേക്കാൾ (Non plan - charged) കൂടുതൽ ചെലവ് വന്നതിനാലും പരീക്ഷാ ചെലവുകൾ, വാടക എന്നിവ വർദ്ധിച്ചതിനാലും കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ സാമ്പത്തിക പ്രയാസം ഉണ്ടായിട്ടുണ്ട്.

(ബി &സി) സാമ്പത്തിക പ്രയാസം തരണം ചെയ്യുന്നതിന് കമ്മീഷനിലെ 4 അംഗങ്ങളെ ഉൾപ്പെടുത്തി ഒരു സാമ്പത്തിക അവലോകന സമിതി രൂപീകരിക്കുകയും ടി സമിതിയുടെ നിർദ്ദേശാനുസരണം ചെലവ് ചുരുക്കൽ നടപടികൾ കൈക്കൊണ്ടു വരികയുമാണ്.

പി.എസ്.സി. റാങ്ക് ലിസ്റ്റ്

76 (47) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 26-5-2015-ൽ നിലവിൽ വന്ന എസ്.ഐ. (കെ.സി.പി), എസ്.ഐ. (ആംഡ്പോലീസ് ബറ്റാലിയൻ), എക്സൈസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് ജയിലർ ഗ്രേഡ് -I, തസ്തികളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനായി വിജ്ഞാപനം മുതൽ റാങ്ക് പ്രസിദ്ധീകരണം വരെ കേരള പി.എസ്.സി.-ക്ക് എത്ര രൂപയുടെ ചെലവ് ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത തീയതിയിൽ നിലവിൽവന്ന എസ്.ഐ (കെ.സി.പി), എസ്.ഐ (ആംഡ്പോലീസ് ബറ്റാലിയൻ) റാങ്ക് ലിസ്റ്റുകളിൽ നിന്നും ഒരാളെപോലും നിയമിച്ചിട്ടില്ലായെന്നപോലെ എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ 7 പേർക്കും, അസിസ്റ്റന്റ് ജയിലർ തസ്തികയിൽ 15 പേർക്കും മാത്രം നിയമനം ലഭിച്ച സാഹചര്യത്തിൽ പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുകൊണ്ട് സർക്കാരിനും, ഉദ്യോഗാർത്ഥികൾക്കും ഉണ്ടാകുന്ന പ്രയോജനം സംബന്ധിച്ച വിശദാംശം അറിയിക്കാമോ ?

ഉത്തരം

(എ) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപനം പുറപ്പെടുവിച്ച് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുവരെയുള്ള പ്രവർത്തനങ്ങൾ ദീർഘ പ്രക്രിയയാണ്. ആയത് വിവിധ ഘട്ടങ്ങളിലായി നിർവ്വഹിക്കുന്നതിനാൽ ഒരു പ്രത്യേക തസ്തികയുടെ തെരഞ്ഞെടുപ്പിനായി മൊത്തം ചെലവായ തുക കണക്കാക്കുന്നതിന് പകരം ഓരോ വർഷവും പരീക്ഷകൾക്ക് പൊതുവായി ചെലവാകുന്ന തുകയാണ് കണക്കാക്കിവരുന്നത്.

(ബി) കാര്യക്ഷമതയുള്ളതും യോഗ്യരുമായ കൂടുതൽ യുവാക്കളെ യൂണിഫോം ഫോഴ്സുകൾക്ക് ലഭ്യമാക്കുന്നതിന്റെ ഭാഗമായാണ് വാർഷിക തെരഞ്ഞെടുപ്പ് സമ്പ്രദായം കമ്മീഷൻ നടപ്പിലാക്കിയിട്ടുള്ളത്. ഇത് പ്രകാരം പ്രസിദ്ധീകരിക്കുന്ന റാങ്ക് പട്ടികയ്ക്ക് ഒരു വർഷം മാത്രമേ കാലാവധിയുള്ളൂ. റാങ്ക് പട്ടിക ലൈവായിരിക്കുന്നതിനും ഉദ്യോഗാർത്ഥികളെ യഥാസമയം ലഭ്യമാക്കുന്നതിനും വേണ്ടിയാണ് പുതിയ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്.

പി.എസ്.സി.-ക്ക് കൂടുതൽ ജീവനക്കാരെ അനുവദിക്കൽ

77(48) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യുടെ ജോലിഭാരം പരിഗണിച്ച് കൂടുതൽ ജീവനക്കാരെ അനുവദിക്കാൻ നടപടികൾ ഉണ്ടാകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 36000 ത്തോളം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടും പി.എസ്.സി.യുടെ ജോലി ഭാരത്തിന് അനുസൃതമായി അവശ്യമായ ജീവനക്കാരെ അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly